**വനിത - ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**( ഹാജർ: ഷീബ ജോർജ്ജ്, ഐ.എ.എസ്)**

**ഉത്തരവ് നം ഇ1/23703/17/ഡബ്ല്യു.സി.ഡി** തിരുവനന്തപുരം, തീയതി: 09/02/2018

വിഷയം :- വനിത - ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ഓഫീസർ തസ്തിക - ഉദ്യോഗക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാ.ഉ(പി) നം.23/2010/സാ.ക്ഷേ.വ തീയതി: 30.3.2010.
2. 31.03.2017-ലെ E9/39706/2016/DSJ(1)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 06/12/2017 ലെ ഇതേ നമ്പർ ഉത്തരവ്.

വനിത - ശിശു വികസന വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) -ലെ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ 3 ഒഴിവുകളാണ് നിലവിലുള്ളതെങ്കിലും, ഇതിൽ 2 തസ്തിക KPSC വഴി നേരിട്ടുള്ള നിയമനത്തിനായി PSCക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളാണ്. ശേഷിച്ച 1 ഒഴിവാണ് ഉദ്യോഗക്കയറ്റം വഴി നികത്താനുള്ളത്.

ഉദ്യോഗക്കയറ്റം വഴി നികത്താനുള്ള ശിശു വികസന പദ്ധതി ഓഫീസർമാരുടെ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 2017 വർഷത്തെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം നിലവിലുണ്ട്. ഈ സെലക്ട് ലിസ്റ്റിലെ ക്രമ നം 52 വരെയുള്ള ജീവനക്കാർക്ക് പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (2) ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം 53 ശ്രീമതി രതിമണി.കെ.ജി ഐ.സി.ഡി.എസ് സൂപ്പർവൈസർ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റത്തിന് അർഹയാണ്.

മേൽ വിവരിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസറെ KS & SSR ചട്ടം 28(എ)(1) പ്രകാരം 35700- 75600 (revised) രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർറായി ഉദ്യോഗക്കയറ്റം നൽകി ചുവടെ പട്ടികയിൽ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗക്കയറ്റം**

| ക്രമ നം. | ജീവനക്കാരിയുടെ പേര് , തസ്തിക ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി രതിമണി.കെ.ജി,<br>സൂപ്പർവൈസർ<br>ICDS കഞ്ഞിക്കുഴി. | ശിശുവികസന ഡദ്ധതി ഓഫീസർ,<br>ICDS ചൊവ്വന്നൂർ, തൃശ്ശൂർ | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ കാര്യാലയ മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പൊതുസ്ഥലംമാറ്റസമയത്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ കാര്യാലയത്തിലെ നിയമനം പുന പരിശോധനയ്ക്ക് വിധേയമായിരിക്കും.

(ഒപ്പ്)

വനിത - ശിശു വികസന ഡയറക്ടർ

**ബന്ധപ്പെട്ട ജീവനക്കാർക്ക്**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E) /Audit തിരുവനന്തപുരം (with C/L)
2. സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. E1 മുതൽ E8 സീറ്റ് വരെ.
6. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ.
7. ഐ.റ്റി സെൽ, വെബ്സൈറ്റിലേയ്ക്ക്
8. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്